# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2769 19.12.2012-ൽ മറുപടിയ്ക്ക്

## പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ അതത് ജില്ലാ പട്ടികജാതി വികസന ഓഫീസർമാരും വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരും യഥാസമയം പരിശോധന നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. കൂടാതെ ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായും രൂപീകരിച്ചിട്ടുള്ള സ്ഥലം എം.എൽ.എ. ഉൾപ്പെട്ട ഉപദേശക സമിതി നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | എത്ര ശതമാനം സീറ്റുകൾ എസ്.സി/എസ്.ടി, ഒ.ബി.സി വിഭാഗങ്ങൾക്കായി നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ആകെ സീറ്റുകളിൽ 68% പട്ടികജാതി വിഭാഗത്തിനും 17% പട്ടികവർഗ്ഗ വിഭാഗത്തിനും 5% പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾക്കും 10% പട്ടികജാതി/പട്ടികവർഗ്ഗക്കാരല്ലാത്ത ഒ.ബി.സി ഉൾപ്പെടെയുള്ള ഇതര വിഭാഗങ്ങൾക്കുമായി നിജപ്പെടുത്തിയിട്ടുണ്ട്. |

(- - - - 2)

| | | | |
|---|---|---|---|
| (സി) | എസ്.സി/എസ്.ടി വിഭാഗങ്ങൾക്കുള്ള സീറ്റുകൾ ഒഴിവുവന്നാൽ അവ ഒ.ബി.സി വിഭാഗങ്ങൾക്ക് നൽകാറുണ്ടോ; | (സി) | നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം എസ്.സി/എസ്.ടി വിഭാഗങ്ങൾക്കുള്ള സീറ്റുകൾ ഒഴിവുവന്നാൽ ഒ.ബി.സി വിഭാഗത്തിന് നൽകാറില്ല. |
| (ഡി) | പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ കാലാനുസൃതമായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | ഹോസ്റ്റലിലെ വിദ്യാർത്ഥികളുടെ താമസം, ഭക്ഷണം, മറ്റനുബന്ധ സൗകര്യങ്ങൾ എന്നിവ കുറ്റമറ്റതാക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഇ) | യഥാസമയം നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**